'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

ത.സ്വ.ഭ.വ. - നഗരകാര്യ വകുപ്പിന്റെ ആസ്ഥാന ഓഫീസിലേയ്ക്ക് ഒരു ഇന്നോവ ക്രിസ്റ്റ വാഹനം ജെമ്മിലൂടെ വാങ്ങുന്നതിന് 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.)വകുപ്പ്**

**സ.ഉ.(കൈ) നം.18/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/01/2020

---

പരാമർശം:- നഗരകാര്യ ഡയറക്ടറുടെ 17.09.2019-ലെ എഫ്1-19019/2019 നമ്പർ കത്ത്.

## ഉത്തരവ്

നഗരകാര്യ വകുപ്പിന്റെ ആസ്ഥാന ഓഫീസിലും മേഖലാ ജോയിന്റ് ഡയറക്ടേറ്റിലും ഓരോ പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, സബ്ജക്ട് കമ്മിറ്റി IX (തദ്ദേശസ്വയംഭരണം, ഗ്രാമ വികസനം, ഭവനനിർമ്മാണം)-ന്റെ 2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 18 പ്രകാരം "2217-80-001-99-00-21-1" എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയിൻ പ്രകാരം നടപടി സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പിന്റെ ആസ്ഥാന ഓഫീസിലേയ്ക്ക് ഒരു ഇന്നോവ ക്രിസ്റ്റ വാഹനം ജെമ്മിലൂടെ വാങ്ങുന്നതിന് 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ.ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (E.No.1335440/DEV-3/162/19-FIN തീയതി 30/12/2019)
പൊതുഭരണ(എസ്.സി)വകുപ്പ് (ഇനം നം.......... തീയതി ............)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.01.24 10:58:39 IST
Reason: Approved
സെക്ഷൻ ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.